## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 5566** **01.07.2019-ൽ മറുപടിയ്ക്ക്**

വള്ളിക്കുന്ന് മണ്ഡലത്തിലെ പുഴയോര ടൂറിസം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പലം, മൂന്നിയൂർ, ചേലേമ്പ്ര ബന്ധപ്പെട്ടുത്തിയുള്ള പുഴയോര ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 2017-ൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലസന്ദർശനം നടത്തിയിരുന്നുവോ; | (എ) & (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ മാതാപ്പുഴ പാലത്തിന് സമീപവും, ബാലതുരുത്തിയിലും, പുഴയോരകായലോര കാഴ്ചകൾ കാണുന്നതുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതിയുടെ സാദ്ധ്യത പരിശോധിക്കുന്നതിനായി, ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിരുന്നു. തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതിന്, പദ്ധതി പ്രദേശത്തിന്റെ "സ്ഥല ലഭ്യത /ഉപയോഗാനുമതി " അത്യാവശ്യമായതിനാൽ സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും , രേഖകളും ലഭ്യമാക്കുന്നതിനായി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും , തേഞ്ഞിപ്പ ലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് , ടി പദ്ധതി തയ്യാറാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| ബി) | ഇതിന്മേൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫിസർ